ഭരണഭാഷ മാതൃഭാഷ

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം: ഇ7/3192/2015/സിഇ/തസ്വഭവ

തീയതി: 13.07.2015

## സർക്കുലർ

സർ,

വിഷയം:- തസ്വഭവ - 2015-2016 സാമ്പത്തിക വർഷത്തെ ശമ്പളം, മറ്റ് അലവൻസുകൾ എന്നിവ Online ആയി ധനകാര്യ വകുപ്പിന് സമർപ്പിക്കുന്നതിനുള്ള വിവരങ്ങൾ ശേഖരിക്കുന്നത് - സംബന്ധിച്ച്

2016-17 സാമ്പത്തിക വർഷത്തിലെ ശമ്പളവും, മറ്റ് അലവൻസുകൾ എന്നിവ ഈ ഓഫീസിൽ നിന്നും Online ആയി ധനകാര്യ വകുപ്പിന് സമർപ്പിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു. ടി സാഹചര്യത്തിൽ ഇതിനുവേണ്ട പ്രാഥമിക നടപടികൾക്കായി വേണ്ടി വരുന്ന വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന പ്രോഫോർമയിൽ (Annexure-V) 22.07.2015 ബുധനാഴ്ച നടത്തുന്ന സൂപ്രണ്ടിംഗ് എഞ്ചിനീയർ/എക്സിക്യൂട്ടീവ് എഞ്ചിനീർമാരുടെ മീറ്റിംഗ് ദിവസം തന്നെ ഈ ഓഫീസിൽ കർശനമായും എത്തിക്കേണ്ടതാണ്. മുനിസിപ്പാലിറ്റികളിലെ ജീവനക്കാരുടെ വിവരങ്ങൾ അതാത് കൺട്രോളിംഗ് ഓഫീസർമാർ ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയർ ഓഫീസുകളിൽ (നോർത്ത് സർക്കിൾ/സൗത്ത് സർക്കിൾ) 21.07.2015 ന് മുമ്പ് നൽകേണ്ടതും പ്രസ്തുത വിവരങ്ങൾ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ ഈ ഓഫീസിൽ നൽകേണ്ടതുമാണ്. എന്നാൽ ബഡ്ജറ്റിന് വേണ്ടി സമർപ്പിക്കേണ്ട വിശദവിവരങ്ങൾ സർക്കാരിൽ നിന്ന് അറിയിപ്പ് ലഭ്യമാകുന്ന മുറയ്ക്ക് ഈ ഓഫീസിൽ നിന്നും പ്രോഫോർമകളും നിർദ്ദേശങ്ങളും നൽകുന്നതായിരിക്കും. എല്ലാ കൺട്രോളിംഗ് ഓഫീസർമാരും ടി സർക്കുലർ നിർബന്ധമായും പാലിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

പകർപ്പ് : 1) എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും
2) എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
3) എല്ലാ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
4) എല്ലാ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും
5) സ്റ്റോക്ക് ഫയൽ

G233

## *Annexure-V*

### ജീവനക്കാരുടെ വ്യക്തിഗത-ശമ്പള വിവരങ്ങൾ

| ക്രമ നം. | കാറ്റഗറിയും ശമ്പള സ്കെയിലും | കോളം (2) ൽ സൂചിപ്പിച്ചിരിക്കുന്ന ശമ്പള സ്കെയിലിൽ ഉൾപ്പെടുന്ന ഓരോ ബേസിക് പേയിലും ഉൾപ്പെടുന്ന ജീവനക്കാരുടെ എണ്ണം | കോളം (2) ൽ സൂചിപ്പിച്ചിരിക്കുന്ന ശമ്പള സ്കെയിലിൽ മറ്റ് അലവൻസുകൾ ലഭ്യമാകുന്ന ജീവനക്കാരുടെ എണ്ണം | അധിക വിവരങ്ങൾ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| | | | | |
| | | | | |

*ഒപ്പ്*
*സൂപ്രണ്ടിംഗ് എഞ്ചിനീയർ/എക്സിക്യൂട്ടീവ് എഞ്ചിനീയർ/*
*അസി. എക്സി. എഞ്ചിനീയർ/ അസി. എഞ്ചിനീയർ*

### *Annexure-V പൂരിപ്പിക്കുന്നതിന് വേണ്ട അധിക വിവരങ്ങൾ*

1) മുകളിൽ സൂചിപ്പിച്ചിരിക്കുന്ന നിർദ്ദിഷ്ട പ്രൊഫോർമ ജില്ലകളെ സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളെ സംബന്ധിച്ച് ആ ഓഫീസിലെ കൺട്രോളിംഗ് ഓഫീസർമാർ ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ ഓഫീസുകളിൽ (നോർത്ത് സർക്കിൾ/സൗത്ത് സർക്കിൾ) പൂരിപ്പിച്ച് നൽകേണ്ടതാണ്.
2) കോളം നം. (2) ൽ ജില്ലയിൽ/ഓഫീസിലുള്ള പാർട്ട് ടൈം സ്വീപ്പർ, ഫുൾടൈം സ്വീപ്പർ, ഓഫീസ് അറ്റന്റന്റ് etc. തുടങ്ങിയ ക്രമത്തിൽ എല്ലാ കാറ്റഗറിയിൽപ്പെട്ടവരെയും ഉൾപ്പെടുത്തേണ്ടതാണ്.
3) കോളം നം. (3) ൽ ഓരോ കാറ്റഗറിയിൽപ്പെട്ട വിവിധ ബേസിക് പേയിലുള്ള ജീവനക്കാരുടെ വിവരം രേഖപ്പെടുത്തേണ്ടതാണ്.
4) കോളം നം. (4) ൽ ഓരോ കാറ്റഗറിയിൽപ്പെട്ട വിവിധ ബേസിക് പേയിലുള്ള ജീവനക്കാർ വാങ്ങുന്ന അലവൻസുകൾ (സ്പെഷ്യൽ അലവൻസ്, എച്ച്.ആർ.എ, സിസിഎ, റിസ്ക് അലവൻസ്, യൂണിഫോം അലവൻസ്, പെർമനന്റ് ട്രാവലിംഗ് അലവൻസ്, പെർമനന്റ് കൺവേയൻസ് അലവൻസ്, അഡീഷണൽ സ്പെഷ്യൽ അലവൻസ് തുടങ്ങിയവ) ഏതാണെന്നും, അവ എത്ര രൂപയാണെന്നും, അത് വാങ്ങിക്കുന്ന ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തേണ്ടതാണ്.
5) കണ്ടിജന്റ് ജീവനക്കാരിൽ കോൺട്രാക്ട് വ്യവസ്ഥയിലോ, ദിവസവേതനാടിസ്ഥാനത്തിലോ ജീവനക്കാരെ നിയമിച്ചിട്ടുണ്ടെങ്കിൽ ആ വിവരം കോളം നം. (5) ൽ രേഖപ്പെടുത്തേണ്ടതാണ്.

മേൽ പറഞ്ഞ വിവരങ്ങൾ എല്ലാം തന്നെ 15.07.2015 എന്ന തീയതി അടിസ്ഥാനപ്പെടുത്തിയുള്ളതായിരിക്കണം. ബഡ്ജറ്റിനെ സംബന്ധിച്ച പ്രാഥമികമായ വിവരങ്ങൾ ധനകാര്യ വകുപ്പിന് നൽകേണ്ടതിനാൽ ടി വിവരങ്ങൾ വ്യക്തവും കൃത്യവുമായിരിക്കണമെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. ഓരോ കാറ്റഗറിയിലുംപ്പെട്ട ജീവനക്കാരുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.